യോഹ. 2:1-12

**മാതാവിന്റെ സ്വർഗാരോപണ തിരുനാൾ**

**2024 ആഗസ്റ്റ് 15**

**ഡോ. ജോസ് ഓലിയപ്പുറത്ത്**

വചനഭാഷ്യം

# കല്യാണവിരുന്നിലെ യേശു സാന്നിധ്യം

**യോഹന്നാൻ** സുവിശേഷകൻ തന്റെ പുസ്തകത്തിന്റെ ആദ്യഭാഗം യേശുദൈവപുത്രനാണെന്നു കാണിക്കാനുള്ള അടയാളങ്ങളെ അവതരിപ്പിക്കുന്നു. അതിലാദ്യത്തേതാണ് കാനായിലെ കല്യാണവിരുന്നിന്റെ വിവരണം. ഇത് ഒരു ഉപമയല്ല; സംഭവവിവരണമാണ്. ദൈവിക വെളിപ്പെടുത്തലുമായി ബന്ധപ്പെട്ട നിരവധികാര്യങ്ങൾ ഈ സംഭവ വിവരണം വഴി സുവിശേഷഗ്രന്ഥകർത്താവ് വ്യക്തമാക്കാൻ ശ്രമിക്കുന്നു. ഈ സംഭവം നടക്കുന്നത് കാനാ എന്ന ദേശത്താണ്. നസ്രത്തിൽനിന്നും വളരെ ദൂരെയല്ലാത്തതും കഫർണാമിലേക്കു പോകാൻ വളരെ സൗകര്യപ്രദവുമായ ഒരു ഗ്രാമപ്രദേശമായിരുന്നു കാനാ. കാനായിലെ വിരുന്നിനുശേഷം യേശുവും ശിഷ്യരും അമ്മയും പോയത് കഫർണാമിലേക്കാണ്. വിവാഹവിരുന്നിന്റെ പശ്ചാത്തലത്തിൽ യേശു വെള്ളംവീഞ്ഞാക്കി മാറ്റുന്ന സംഭവമാണ് പ്രത്യേകം വിവരിക്കുന്നത്. ഈ വിവരണത്തിൽ കാണുന്ന പ്രധാന വ്യക്തികൾ യേശു, യേശുവിന്റെ അമ്മ, യേശുവിന്റെ ശിഷ്യർ, പരിചാരകർ, കലവറപ്രമാണി എന്നിവരാണ്. ഉപയോഗിച്ച വസ്തുക്കൾ: കൽഭരണികൾ, ജലം, വീഞ്ഞ് എന്നിവയും.

വിവരണശൈലി പ്രത്യേകതകൾ ഉൾക്കൊള്ളുന്നതാണ്. വിവാഹവിരുന്നിന്റെ പശ്ചാത്തലത്തിലാണ് സംഭവം നടക്കുന്നത്. യേശുവിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് മൂന്നു ദിനങ്ങളായെന്നു ദ്യോദിപ്പിക്കുമാറ് മൂന്നാം ദിവസം എന്നാണ് ചിത്രീകരിക്കുന്നത്. വിവരണത്തിന്റെ പ്രഥമ ഭാഗം വായിക്കുമ്പോൾ യേശുവിന്റെ ഉയിർപ്പിന്റെ ഓർമ്മയാണ് വരിക. യേശു മൂന്നാംദിനമാണ് ഉയിർത്തെഴുന്നേറ്റത്. യേശു ദൈവത്തിന്റെ അടയാളവും മഹത്വവും ആയിത്തീരുന്ന പരമ മുഹൂർത്തമായിരുന്നല്ലോ അവന്റെ ഉയിർപ്പ്... അപ്രകാരമൊരു ധ്വനി ഇവിടെയും ദൃശ്യമാണ്. വിവരണത്തിന്റെ ഒടുവിൽ പറയുന്നു, 'കർത്താവു തന്റെ മഹത്വം വെളിപ്പെടുത്തുന്നതിനു പ്രവർത്തിച്ച അടയാളത്തിന്റെ ആരംഭമാണിത്.'

യേശുവിന്റെ അമ്മ വിവാഹവിരുന്നിനു ക്ഷണിക്കപ്പെട്ടിരുന്നുവെന്നു എഴുത്തുകാരൻ പറയുന്നില്ല. യേശുവിന്റെ അമ്മ അവിടെ ഉണ്ടായിരുന്നുവെന്നു മാത്രമെ പറയുന്നുള്ളൂ. എന്നാൽ യേശുവും ശിഷ്യരും വിവാഹ വിരുന്നിനു ക്ഷണിക്കപ്പെട്ടിരുന്നുവെന്നും സൂചിപ്പിക്കുന്നു. യേശുവിന്റെ അമ്മയായ മറിയമാണ് വിവാഹവിരുന്നു നടക്കുന്ന ഭവനത്തിൽ വീഞ്ഞു തീർന്നുപോയ കാര്യം യേശുവിനെ അറിയിക്കുന്നത്. ഒരുപക്ഷെ എല്ലാക്കാര്യങ്ങളും ദിവ്യദൃഷ്ടിയാൽ അറിയാനുള്ള വരം പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ മറിയത്തിനു ലഭ്യമായിട്ടുണ്ടാകാം. അതുമല്ലെങ്കിൽ ഒരുപക്ഷെ എല്ലാക്കാര്യങ്ങളും നോക്കിക്കണ്ടു നടത്തുന്ന സ്വാഭാവിക പ്രേരണയുടെ ഫലമായി മനസ്സിലാക്കിയതുമാകാം.

എന്തുതന്നെയായാലും യേശുവിന്റെ ചോദ്യം 'സ്ത്രീയേ എനിക്കും നിനക്കും എന്ത്? എന്റെ സമയം ഇനിയും സമാഗതമായിട്ടില്ല' എന്നാണ്. മകന്റെ മറുപടി കേട്ട അമ്മ ഒരുപക്ഷെ താൻ ശ്രവിച്ച മറുപടിയുടെ അസ്വാഭാവികത മനസ്സിലാക്കിക്കൊണ്ടുതന്നെയാവണം 'അവൻ പറയുന്നതുപോലെ ചെയ്യുക' എന്നു പറയുന്നത്. അമ്മയുടെ വാക്കുകൾ കേട്ട് ഹിതം മനസ്സിലാക്കിയെന്നോണം യേശു പ്രവർത്തിക്കുന്നു. ഇവിടെ 'സ്ത്രീയേ എനിക്കും നിനക്കുമെന്ത്?' എന്ന ചോദ്യത്തിൽ യേശു അമ്മയെന്നു പറയാതെ സ്ത്രീയെന്ന വാക്കാണ് ഉപയോഗിക്കുന്നത്. വീണ്ടും ഇതേ പ്രയോഗം യോഹന്നാന്റെ സുവിശഷത്തിൽ കാണുന്നത് യേശുവിന്റെ കുരിശിന്റെ താഴെ നില്ക്കുന്ന മറിയത്തോട് യേശു പറയുന്ന കാര്യങ്ങളോടു ബന്ധപ്പെടുത്തിയാണ്. അവിടെയും സ്ത്രീയെന്നാണ് മറിയത്തെ സംബോധന ചെയ്യുന്നത് (യോഹ. 19:25 –27). ഇപ്രകാരം ചിന്തിക്കുമ്പോൾ കാനായിലെ വിവാഹവിരുന്നിന്റെ പശ്ചാത്തലത്തിൽ ഈ പദം ഉപയോഗിക്കുന്നത് ഒരു പ്രത്യേക അർത്ഥത്തിലാണ്. വിവാഹവിരുന്നിനെക്കുറിച്ചു പറയുമ്പോൾ 'യേശുവിന്റെ അമ്മ' എന്നു മാത്രമാണു പറയുന്നത്. പേരു പറയുന്നില്ല. അമ്മയെന്ന വാക്ക് ജീവനുമായി ബന്ധപ്പെട്ടിരിക്കുന്നു. അമ്മയിൽനിന്നാണ് കുഞ്ഞിന്റെ ജന്മം. യേശുവിന്റെ കാര്യത്തിൽ പ്രത്യേകിച്ചും. ദൈവാത്മാവിൽനിന്നും അമ്മയിൽനിന്നും ജന്മം സ്വീകരിച്ചവനാണവൻ.

യേശുവിന്റെ അമ്മയെ സ്ത്രീയെന്നു സംബോധന ചെയ്യുന്നതു കേൾക്കുന്ന മാത്രയിൽ ചെറിയ ഉദ്വേഗം ജനിപ്പിക്കുന്നതാണ്. സുവിശേഷകനായ യോഹന്നാൻ തന്റെ പാരമ്പര്യത്തിൽനിന്നും അപ്രകാരം എഴുതുമ്പോൾ അതിനു വിശാലമായൊരർത്ഥമുണ്ട്. അത് ഒരു ദൈവികബന്ധത്തിന്റെ പ്രതിഫലനമാണ്. ദൈവത്തിന്റെ രക്ഷാകര പദ്ധതിയുമായി അതു ബന്ധപ്പെട്ടിരിക്കുന്നു. ഉത്പത്തി പുസ്തകത്തിന്റെ ആദ്യഭാഗത്ത് ആദത്തിന്റെയും ഹവ്വയുടെയും കഥ പറയുന്നിടത്ത് പാപംചെയ്ത ആദി മനുഷ്യരോടു ചെയ്ത വാഗ്ദാനമുണ്ട് (ഉത്പ. 3:14–16). അവിടെ നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിൽ ശത്രുതയുളവാക്കും എന്ന ശപഥവുമുണ്ട്. ഇതിനോടു ബന്ധപ്പെട്ട വാക്കുകളാണിവിടെ യോഹന്നാൻ പശ്ചാത്തലമാക്കുന്നത്. സ്ത്രീയെന്ന പദം ഇവിടെ ഹവ്വയെയും അവളുടെ എല്ലാ പിൻതലമുറക്കാരെയും ഉൾക്കൊള്ളുന്നതാണ്. ആദ്യസ്ത്രീ പാപത്തിന് ആദ്യമനുഷ്യനു പ്രേരണയായെങ്കിൽ ഇവിടെ മറിയമെന്ന രണ്ടാമത്തെ സ്ത്രീ ആദത്തിന്റെ പിൻതലമുറക്കാരനും സ്ത്രീയുടെ സന്താനവുമായ യേശുവിനെ തന്റെ രക്ഷാകര പദ്ധതിയിലേക്കു ക്ഷണിക്കുന്നു. എന്നാൽ മറിയത്തിൽനിന്നുപോലും മറയ്ക്കപ്പെട്ടിരിക്കുന്നതാണ് ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ സമയം. അതിനാലാണ് 'എന്റെ സമയം ഇനിയും സമാഗതമായിട്ടില്ല' എന്നു യേശു പറയുന്നത്. എങ്കിലും യേശു തന്റെ പ്രവൃത്തികൾ ആരംഭിക്കുന്നു... മറിയത്തിന്റെ താല്പര്യമനുസരിച്ച്... ആദത്തെയും ക്രിസ്തുവിനെയും ബന്ധിപ്പിച്ച് വിശുദ്ധ പൗലോസ് മറ്റൊരു രീതിയിൽ രക്ഷാകര സംഭവത്തെ 1 കൊറി. 15:21–26 ൽ അവതരിപ്പിക്കുന്നത് ഇവിടെ അനുസ്മരണ വിഷയമാക്കാവുന്നതാണ്. ഇപ്രകാരം ചിന്തിക്കുമ്പോൾ യേശു തന്റെ അമ്മയെ സ്ത്രീയെന്നു വിളിച്ചത് മറിയത്തിന്റെ യശസ്സ് വർധിപ്പിക്കുകയാണ് ചെയ്യുന്നത്.

ഒരു വിവാഹവിരുന്നിന്റെ പശ്ചാത്തലത്തിൽ ഇക്കാര്യങ്ങൾ അരങ്ങേറുന്നതും പ്രതീകാത്മകമാണ്. ആദത്തിന്റെയും ഹവ്വയുടെയും (ആദ്യ ദമ്പതികൾ) ജീവിത പശ്ചാത്തലത്തിലാണ് രക്ഷാകര സംഭവത്തിന്റെ പ്രഥമ വാഗ്ദാനം സംഭവിക്കുന്നതെങ്കിൽ ഇവിടെ ഒരു ദമ്പതീ സംഗമവേളയിലാണ് രക്ഷാകര സംഭവത്തിന്റെ വാഗ്ദാനങ്ങൾ ഫലമണിയാൻ പ്രാരംഭമിടുന്നത്. അവന്റെ പ്രവൃത്തികൾകണ്ട് ശിഷ്യന്മാർ അവനിൽ വിശ്വാസമർപ്പിക്കാൻ ആരംഭിച്ചു. ദൈവത്തിന്റെ മണവാളന്റെയും മണവാട്ടിയുടെയും ആത്മബന്ധം... മറിയം പഴയനിയമം വിശേഷിപ്പിക്കുന്ന സീയോൻ പുത്രിയാണ്... അവൾ തന്റെ നാഥനെ, കർത്താവിനെ സ്നേഹിക്കുകയും രക്ഷ കാത്തിരിക്കുകയും ചെയ്യുന്നു... കല്യാണവിരുന്നിന്റെ സമയത്തു 'സമയം സമാഗതമായില്ല' എന്നു പറഞ്ഞത് കുരിശിൽ 'എല്ലാം പൂർത്തിയായി...' എന്നു പറഞ്ഞ സമയത്തെക്കുറിച്ചുള്ള മുന്നറിയിപ്പായിരുന്നു. അവിടെ മറിയം (സ്ത്രീ) ഹവ്വയെന്ന ആദ്യസ്ത്രീയെപ്പോലെ രക്ഷിക്കപ്പെട്ടവരുടെയെല്ലാം (ശിഷ്യൻ) അമ്മയായി. രക്ഷകനും കർത്താവുമായ യേശുക്രിസ്തുവിന്റെ അമ്മ എല്ലാവരുടെയും അമ്മയായി. കാനായിൽ പുതുവീഞ്ഞു നല്കി (വെള്ളം വീഞ്ഞാക്കി) തന്റെ രക്ഷാകരപ്രവർത്തനങ്ങൾക്കു യേശു പ്രാരംഭമിട്ടു. കാൽവരിയിലെ കുരിശിൽ രക്തം ചിന്തിക്കൊണ്ട് എല്ലാവർക്കും രക്ഷാകരമായ പുതുജീവൻ നല്കി.

'അവൻ പറയുന്നത് നിങ്ങൾ ചെയ്യുവിൻ.' യേശുവിന്റെ അമ്മ പരിചാരകരോടു പറഞ്ഞു. അർത്ഥസംപുഷ്ടമാണീ വാക്കുകൾ. ദൈവപദ്ധതികൾ എന്തെന്നറിഞ്ഞ് അതിനു പ്രത്യുത്തരം നല്കുന്നവരാണ് മാതാവും പരിചാരകരും. യേശുവിന്റെ മനസ്സറിഞ്ഞു പ്രവർത്തിക്കുന്നവർ. അവിടുത്തെ രക്ഷാകര പ്രവർത്തികളിൽ സവിശേഷമാംവിധം ഭാഗഭാക്കുകളായിക്കൊണ്ട് സാക്ഷ്യം വഹിക്കുന്നവർ. ഇവർ ക്രിസ്തുരഹസ്യങ്ങൾ അറിയുന്നവരാണ്. അവർ അനുഭവജ്ഞാനമുള്ളവരും വിശ്വസനീയരുമാണ്. അവരാണിവിടെ യേശുവിന്റെ ആജ്ഞയനുസരിച്ച് മനസ്സറിഞ്ഞു പ്രവർത്തിച്ചവർ. തങ്ങളുടെ പ്രയത്നങ്ങൾ അവർ നടത്തി. കൽഭരണികൾ നിറച്ചു. കർത്താവിന്റെ സജ്ജീവ സാന്നിദ്ധ്യം അവിടെയുണ്ടായപ്പോൾ. കർത്താവിന്റെ കൃപയുടെ കരങ്ങൾ അവിടെ പ്രവർത്തിച്ചപ്പോൾ. ഒന്നുമല്ലാതിരുന്ന ജലം സന്തോഷവും ആനന്ദവും പകരുന്ന വീഞ്ഞായി. ദൈവത്തിന്റെ പദ്ധതികൾക്കു ചെവികൊടുക്കുകയും തദനുസാരം പ്രവർത്തിക്കുകയും ചെയ്യുമ്പോൾ നിനച്ചിരിക്കാത്തവിധം കൃപകൾ ഒരുവനിൽ ചൊരിയപ്പെടും.

വീഞ്ഞായി രൂപാന്തരപ്പെട്ട ജലം രുചിച്ചുനോക്കിയ കലവറക്കാരന് അതെന്താണെന്നു മനസ്സിലായില്ല. മാത്രമല്ല, മണവാളനെ പ്രശംസിച്ചുകൊണ്ട് അയാൾ പറഞ്ഞത് മേൽത്തരം വീഞ്ഞ് അദ്ദേഹം ഒളിപ്പിച്ചു വച്ചിരിക്കുകയായിരുന്നെന്നാണ്. എന്നാൽ യഥാർത്ഥത്തിൽ സംഭവിച്ചത് മണവാളനുപോലും മനസ്സിലാക്കാൻ കഴിയാത്ത വിധം ദൈവപദ്ധതികൾ ഏവർക്കും പ്രാപ്യമാകുന്നുവെന്നതാണ്. ഏവരും അതിൽ ഭാഗഭാക്കാകുന്നുവെന്നതാണ്. കലവറക്കാരന്റെ അഭിപ്രായത്തിൽ സാധാരണ സംഭവിക്കാറുള്ളത് ആദ്യം മേൽത്തരം വീഞ്ഞു വിളമ്പുന്നു; അതിഥികൾക്കു ലഹരിപിടിച്ചു കഴിയുമ്പോൾ താഴ്ന്ന തരവും. ഇവിടെ നേരേ തിരിച്ചാണു സംഭവിച്ചത്. ദൈവത്തിന്റെ രക്ഷാകര പദ്ധതിയുമായി ബന്ധപ്പെടുത്തി ചിന്തിക്കുമ്പോൾ ഇസ്രായേലിനെ രക്ഷിക്കാൻ ദൈവം

നടത്തുന്ന ചരിത്രപരമായ ഇടപെടലുകളും ഉടമ്പടിയും നിയമങ്ങളും പ്രവാചക സന്ദേശങ്ങളും സാധാരണ വഴികളായിരുന്നു. അവയുടെയെല്ലാം പൂർത്തീകരണമാണ് കർത്താവായ യേശുവാകുന്ന, വഴിയും സത്യവും ജീവനുമാകുന്ന, പുതിയ വീഞ്ഞ്. ഇത് ആനന്ദത്തിന്റെ, സന്തോഷത്തിന്റെ, പ്രത്യാശയുടെ പൂർണ്ണതയാണ്. അവനെ അവർ വിശ്വസിച്ചു. അതിൽ അവർ സന്തോഷിച്ചു. അവന്റെ സാന്നിധ്യം സന്തോഷവും ആനന്ദവും ആശ്വാസവും പകർന്നു നല്കി.

- യേശുവും പരിശുദ്ധ അമ്മയും നമ്മുടെ ദൈവോന്മുഖ ജീവിതത്തിന്റെ അടിസ്ഥാനമായി നിലകൊള്ളണം.
- യേശു പറയുന്നതു ചെയ്യാൻ നമുക്കുള്ള പ്രേരകശക്തി പരിശുദ്ധ അമ്മയാണ്.
- ജീവിതത്തിലെ എല്ലാക്കാര്യങ്ങളിലും യേശുവിന്റെ ദൈവിക സാന്നിധ്യം ഉണ്ടാകാൻ ആത്മാർത്ഥമായി ശ്രദ്ധിക്കുക ✦